(ബി) സംസ്ഥാനത്തെ ഭവനരഹിതരുടെ ഏതെങ്കിലും തരത്തിലുള്ള സർവ്വേ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ഭവനരഹിതരായ ആദിവാസികൾ അടക്കം മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണം നടത്തുന്നതിന് മറ്റ് വകുപ്പുകളുടെ കൂടി ഏകോപനത്തോടെ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഇതിനായി കണക്കാക്കപ്പെട്ട ആകെ ചെലവെത്ര; വിവിധ സ്രോതസുകളിൽ എത്ര തുക വകയിരുത്തപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലാന്റ് റവന്യൂ കമ്മിഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കരിമണൽ ഖനനം

27(*357) ശ്രീ. എം. എ. ബേബി :

ശ്രീ. സാജു പോൾ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ തക്ക സമയത്ത് ഇടപെടുന്നതിലെ വീഴ്ച കരിമണൽ ഖനനത്തിന് സ്വകാര്യമേഖലയ്ക്ക് അനുമതി ലഭിക്കുന്നതിന് കാരണമായെന്ന ആക്ഷേപത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) സ്വകാര്യമേഖലയിൽ ലഭിച്ച ഖനനാനുമതി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കരിമണൽ ഖനനത്തിന് പൊതുമേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) പൊതു-സ്വകാര്യ സംയുക്ത സംരംഭമായ M/s കേരള റെയർ എർത്ത്സ് & മിനറൽസ് ലിമിറ്റഡ്, ആലുവ എന്ന സ്ഥാപനത്തിന്റെ കരിമണൽ ഖനനാനുമതിക്കായുള്ള എല്ലാ അപേക്ഷകളും സർക്കാർ നിരസിച്ചിരുന്നു. ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിക്കെതിരെ, സമർപ്പിച്ച അപ്പീൽ തള്ളിയതിനെ തുടർന്ന്, ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ, സർക്കാരിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ല.

(ബി) കേരള റെയർ എർത്ത്സ് & മിനറൽസ് ലിമിറ്റഡ് എന്ന കമ്പനിക്ക് ധാതു മണൽ ഖനനത്തിനായി കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ 4 മൈനിംഗ് ലീസുകൾ അനുവദിച്ചിരുന്നെങ്കിലും പിന്നീട് 29-5-2004-ന് സർക്കാർ അത് റദ്ദാക്കി. ആ കമ്പനിയുടെ തന്നെ മറ്റൊരു 9 മൈനിംഗ് ലീസ് അപേക്ഷകൾ സംസ്ഥാന സർക്കാർ നിരസിച്ചുവെങ്കിലും കേന്ദ്ര ഖനി മന്ത്രാലയം സംസ്ഥാന സർക്കാരിന്റെ ഉത്തരവ് അസാധുവാക്കുകയും അപേക്ഷകൾ പുനഃപരിശോധിക്കുവാൻ നിർദ്ദേശം തരികയും ചെയ്തു. കമ്പനിയുടെ പ്രതിനിധികളെ കേട്ടതിനുശേഷം സംസ്ഥാന സർക്കാർ 15-5-2010-ന് റിവിഷൻ അപേക്ഷ നിരസിച്ചു. സ്വകാര്യ മേഖലയിലും സംയുക്തമേഖലയിലും ധാതു മണൽ ഖനനം അനുവദിക്കേണ്ടതില്ല എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ 9 അപേക്ഷകളും നിരസിച്ചത്. M/s കേരള റെയർ എർത്ത്സ് & മിനറൽസ് ലിമിറ്റഡ് എന്ന പൊതു-സ്വകാര്യ മേഖല സംയുക്ത സംരംഭം, കരിമണൽ ഖനനത്തിന് സർക്കാരിൽ സമർപ്പിച്ച 29 അപേക്ഷകളിൽ അനുകൂല തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ട് WP(C)No.34345/1034346/ 105420/11 എന്നീ കേസ്സുകൾ ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിച്ചു. ബഹു. ഹൈക്കോടതി ഈ കേസ്സുകൾ ഒന്നിച്ച് പരിഗണിച്ച്, പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി സർക്കാർ പരിഗണിച്ച്, കമ്പനിക്ക് അനുകൂലമായി തീർപ്പാക്കണമെന്ന് 21-2-2013-ൽ വിധിന്യായം പുറപ്പെടുവിച്ചു. ഇതിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WA No.1610/14, 1611/14, 1621/14 എന്നീ അപ്പീലുകൾ തള്ളിക്കളഞ്ഞു കൊണ്ട് ഡിവിഷൻ ബെഞ്ച് 13-11-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഈ വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കരിമണൽ ഖനനത്തിന് പൊതുമേഖലയിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly